## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1528 — 03.10.2016 ൽ മറുപടിയ്ക്ക്

### സർക്കാർ സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് അർഹതയുള്ള കുട്ടികൾക്ക് ഓണത്തിന് 5 കിലോ അരി നൽകിക്കൊണ്ടിരുന്നത് എത്ര ജില്ലകളിൽ ഓണത്തിന് മുൻപ് പൂർത്തിയായി; ഇത് മുടങ്ങുവാൻ ഉണ്ടായ കാരണം വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് അർഹതയുള്ള കുട്ടികൾക്ക് 5 കി.ഗ്രാം സ്പെഷ്യൽ അരിയുടെ വിതരണം നിലവിൽ അന്തിമഘട്ടത്തിലാണ്. സ്കൂളുകളിൽ നിന്നും ഇൻഡൻറ് ലഭിക്കുന്ന മുറക്ക് വിതരണം പൂർത്തിയായി വരുന്നു. ഓണക്കാലത്തിന് മുൻപ് ഒരു ജില്ലയിലും 5 കി.ഗ്രാം അരിയുടെ വിതരണം പൂർണ്ണമായും പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 29/08/2016 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 05/09/2016 ന DPI യുടെ നിർദ്ദേശാനുസരണം സപ്ലൈകോ ഡിപ്പോയിൽ സ്റ്റോക്കുള്ള അരി ഉടൻ തന്നെ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. FCI യിൽ നിന്നും ടി പദ്ധതി നടത്തിപ്പിനാവശ്യമായ അരി ലഭ്യമല്ല എന്ന് DPI 05/09/2016 ലെ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം 8504.090 മെ.ടൺ അരി പൊതു വിപണിയിൽ നിന്നും വാങ്ങി ഓണത്തിനു മുൻപുള്ള 4 ദിവസത്തിനകം വിതരണം ചെയ്യുന്നത് സാധ്യമാക്കുന്നതിനുള്ള എല്ലാ നടപടികളും സപ്ലൈകോ യുടെ ഭാഗത്തുനിന്ന് എടുത്തിട്ടുണ്ട്. |
| (ബി) അരി വിതരണത്തിന് മുൻകൂർ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടോ; എഫ്.സി.ഐ ഗോഡൗണിൽ സ്റ്റോക്ക് ഇല്ലാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (ബി) 29/08/2016 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 05/09/2016 ന DPI യുടെ നിർദ്ദേശാനുസരണം സപ്ലൈകോ ഡിപ്പോയിൽ സ്റ്റോക്കുള്ള അരി ഉടൻ തന്നെ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. FCI യിൽ നിന്നും ടി പദ്ധതി നടത്തിപ്പിനാവശ്യമായ അരി ലഭ്യമല്ല എന്ന് DPI 05/09/2016 ലെ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.<br>FCI ഗോഡൗണിലെ സ്റ്റോക്കിന്റെ പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ